**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5802** | **08-11-2021 - ൽ മറുപടിയ്ക്ക്**

**ക്വാറി വ്യവസായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ക്വാറികളുടെ ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ക്വാറികളുടെ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷയും അനുബന്ധരേഖകളും 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്ന വിധത്തിലും നിലവിലെ നിയമങ്ങൾക്കും വ്യവസ്ഥയ്ക്കും അനുസൃതമായി പൂർണ്ണമായും കുറ്റമറ്റതായാണ് സമർപ്പിക്കപ്പെടുന്നതെങ്കിൽ ആയത് കാലതാമസം കൂടാതെ തീർപ്പാക്കാറുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാതൃകയിൽ സമയക്രമം നിശ്ചയിച്ചുകൊണ്ടുള്ള ഒരു നടപടിക്രമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ക്വാറികളുടെ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷയും അനുബന്ധരേഖകളും 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്ന വിധത്തിലും നിലവിലെ നിയമങ്ങൾക്കും വ്യവസ്ഥയ്ക്കും അനുസൃതമായി പൂർണ്ണമായും കുറ്റമറ്റതായാണ് സമർപ്പിക്കപ്പെടുന്നതെങ്കിൽ ആയത് കാലതാമസം കൂടാതെ തീർപ്പാക്കാറുണ്ട്. |
| (സി) | ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പോളിസിയിൽ ക്വാറി വ്യവസായം ഉൾപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഇല്ല |
| (ഡി) | കോവിഡ് പശ്ചാത്തലത്തിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് നൽകിയ ലൈസൻസുകളുടെ കാലാവധി നീട്ടി നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; അറിയിക്കുമോ; | (ഡി) | ഉണ്ട്, കോവിഡ് പശ്ചാത്തലത്തിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് നൽകിയ ക്വാറിയിംഗ് പെർമിറ്റുകളുടെയും, ക്വാറിയിംഗ് ലീസുകളുടെയും കാലാവധി 12.02.2021 തീയതിയിലെ ജി.ഒ(ആർ.ടി) നം.203/2021/ഐ.ഡി നമ്പർ ഉത്തരവ് പ്രകാരം ഒരു വർഷത്തേയ്ക്ക് നീട്ടി നൽകിയിട്ടുണ്ട്. |
| (ഇ) | എങ്കിൽ ഏത് സാമ്പത്തിക വർഷം വരെയാണ് ദീർഘിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ഇ) | ഉണ്ട്, കോവിഡ് പശ്ചാത്തലത്തിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് നൽകിയ ക്വാറിയിംഗ് പെർമിറ്റുകളുടെയും, ക്വാറിയിംഗ് ലീസുകളുടെയും കാലാവധി 12.02.2021 തീയതിയിലെ ജി.ഒ(ആർ.ടി) നം.203/2021/ഐ.ഡി നമ്പർ |

| | | | |
|---|---|---|---|
| | | | ഉത്തരവ് പ്രകാരം ഒരു വർഷത്തേയ്ക്ക് നീട്ടി നൽകിയിട്ടുണ്ട്. |
| (എഫ്) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അപേക്ഷ സമർപ്പിച്ചതിന്റെ രസീത് ലൈസൻസ് പുതുക്കുന്നതിന്റെ രേഖയായി പരിഗണിക്കാൻ കഴിയുമോ; അറിയിക്കുമോ; | (എഫ്) | ഇല്ല. |
| (ജി) | ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ലൈസൻസ് വ്യവസ്ഥകളും ലഘൂകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ജി) | ഇല്ല. |

സെക്ഷൻ ഓഫീസർ